## ജീസസ് യൂത്ത് സമർപ്പണപ്രാർത്ഥന ദിനം നയിക്കുന്നതിന് സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ

1) ജീസസ് യൂത്ത് സമർപ്പണ പ്രാർത്ഥനയ്ക്ക് എട്ട് ഘട്ടങ്ങളാണുള്ളത്. (പ്രാരംഭപ്രാർത്ഥന, സങ്കീർത്തനം, ദൈവവചനം, വചനവിചിന്തനം, ജീസസ് യൂത്ത് സമർപ്പണപ്രതിജ്ഞ, പ്രതിവചന സങ്കീർത്തനം, മധ്യസ്ഥ പ്രാർത്ഥന, സമാപന പ്രാർത്ഥന )

2) പ്രാർത്ഥനപൂർവ്വം ജീസസ് യൂത്ത് സമർപ്പണ ദിന ശുശ്രൂഷകൾ നടത്താൻ ശ്രമിക്കുക

3) ഒരു ഗാനത്തോടുകൂടി ശുശ്രൂഷകൾക്ക് തുടക്കമിടുന്നത് ഉചിതമായിരിക്കും

4) സങ്കീർത്തനാലാപലത്തിന് ശേഷമായിരിക്കും സ്തുതിയുടെയും ആരാധനയുടെയും സമയം

5) ദൈവവചന വായനയ്ക്ക് ശേഷം (മൂന്നാം ഘട്ടം) വചന വിചിന്തനത്തിനായി എല്ലാവരും ഇരിക്കുന്നു. (നാലാം ഘട്ടം). ദിവ്യബലിക്ക് ശേഷമാണ് ജീസസ് യൂത്ത് സമർപ്പണദിന ശുശ്രൂഷകൾ നടക്കുന്നതെങ്കിൽ നിശബ്ദമായി വചനം ധ്യാനിക്കാൻ അവസരം നല്കുക

- ജീസസ് യൂത്ത് സമർപ്പണപ്രതിജ്ഞ (അഞ്ചാം ഘട്ടം)

6) ഈ ഘട്ടത്തിന്റെ തുടക്കത്തിൽ കോർഡിനേറ്റർ സമർപ്പണാർത്ഥികളോട് മുന്നോട്ട് വരുവാൻ ആവശ്യപ്പെടുന്നു. (സമർപ്പണാർത്ഥികളുടെ എണ്ണം വളരെ കൂടുതൽ ആണെങ്കിൽ സമർപ്പണം നടത്തുന്നവർ എഴുന്നേറ്റ് നിൽക്കുകയും മറ്റുള്ളവർ ഇരിക്കുകയും ചെയ്താൽ മതിയാകും.)

7) കാർമ്മികൻ സമർപ്പണാർത്ഥികളോട് നാല് ചോദ്യങ്ങൾ ചോദിക്കുന്നു.

8) തുടർന്ന് കാർമ്മികൻ അൾത്താരയുടെ മുൻപിൽ ഉപവിഷ്ടനാകുന്നു, മുതിർന്ന രണ്ട് നേതാക്കൾ കാർമ്മികന് സമീപം സാക്ഷികളായി നിൽക്കുന്നു.

9) *ചെറിയ ഗ്രൂപ്പുകൾക്ക്*:

സമർപ്പണാർത്ഥികൾ കാർമ്മികന് മുൻപിൽ നിന്ന് സമർപ്പണദിന പ്രതിജ്ഞയെടുക്കുന്നു. പ്രതിജ്ഞയ്ക്ക് ശേഷം സമർപ്പണാർത്ഥി അൾത്താരയിൽ വച്ച് സമർപ്പണ പത്രത്തിൽ ഒപ്പ് വയ്ക്കുകയും, വ്യക്തി വിവരങ്ങൾ അടങ്ങുന്ന കടലാസ് അൾത്താരയിൽ സമർപ്പിക്കുകയും ചെയ്യുന്നു. മുതിർന്ന ജീസസ് യൂത്ത് നേതാക്കൾ പ്രതിദിന ജീസസ് യൂത്ത് പ്രാർത്ഥന കാർഡ് സമർപ്പണാർത്ഥിക്ക് നല്കുന്നു. ( ഗായക സംഘത്തിന് ഈ സമയം ഗാനങ്ങൾ ആലപിക്കാവുന്നതാണ്. )

*വലിയ ഗ്രൂപ്പുകൾക്ക്:*

- അംഗങ്ങൾ കൂടുതലാണെങ്കിൽ ഒരുമിച്ച് പ്രതിജ്ഞയെടുക്കാവുന്നതാണ്.
- വൈദീകനും സാക്ഷികളും അൾത്താരയിൽ നിൽക്കുന്നു. സമർപ്പണാർത്ഥികൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കുന്നു. മറ്റുള്ളവർ ഇരിക്കുന്നു.
- സ്വസ്ഥാനങ്ങളിൽ നിന്നുകൊണ്ട് സമർപ്പണാർത്ഥികൾ പ്രതിജ്ഞയെടുക്കുകയും സമർപ്പണ പത്രത്തിൽ ഒപ്പ് വയ്ക്കുകയും ചെയ്യുന്നു.
- ശേഷം അവർ തങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ കടലാസ് അൾത്താരയിൽ സമർപ്പിക്കുന്നു. (ഗായകസംഘം ഗാനങ്ങൾ ആലപിക്കുന്നു)
- അൾത്താരയിൽ വച്ച് മുതിർന്ന ജീസസ് യൂത്തുകൾ അനുദിന പ്രാർത്ഥനാകാർഡുകൾ നല്കുന്നു

10) എല്ലാവരും സ്വസ്ഥാനങ്ങളിൽ തിരിച്ചെത്തിയ ശേഷം കാർമ്മികൻ സമർപ്പണ പ്രതിജ്ഞയെടുത്തവർക്കായി പ്രാർത്ഥിക്കുന്നു.

11) എല്ലാവരും എഴുന്നേറ്റ് നിന്ന് പ്രതിവചന സങ്കീർത്തനം, പരി. ആത്മാവിനോടുള്ള പ്രതിഷ്ഠാജപം (മുട്ടിൻമേൽ നിന്നും ചൊല്ലാവുന്നതാണ്), പരി.ആത്മാവിന്റെ ലുത്തിനിയ എന്നിവ ചൊല്ലുന്നു

12) മധ്യസ്ഥപ്രാർത്ഥനയും സമാപനപ്രാർത്ഥനയും ചൊല്ലി സമാപനഗാനത്തോടെ ശുശ്രൂഷകൾ അവസാനിക്കുന്നു

### സമർപ്പണദിനത്തിൽ ശ്രദ്ധിക്കേണ്ട ചിലകാര്യങ്ങൾ

- സമർപ്പണദിന പ്രാർത്ഥനകൾ എല്ലാവർക്കുമായി പ്രിന്റ് ചെയ്യണമെന്നില്ല. പ്രാർത്ഥനാക്രമം പൊതുവായി പ്രദർശിപ്പിക്കാനാകുമെങ്കിൽ കൂടുതൽ നല്ലത്.
- എല്ലാവർക്കും ലഭിക്കത്തക്ക എണ്ണം സമർപ്പണപ്രതിജ്ഞകൾ പ്രിന്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക
- പ്രതിജ്ഞാപത്രത്തിന് രണ്ട് ഭാഗങ്ങളാണുള്ളത്

- അൾത്താരയിൽ സമർപ്പിക്കുന്നതിനായി വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയ ഭാഗം
- സമർപ്പണത്തിന്റെ ഓർമ്മക്കായി ഒപ്പുവച്ച പ്രതിജ്ഞാപത്രം അവർ കൈവശം വയ്ക്കുന്നു

• ജീസസ് യൂത്ത് അനുദിന പ്രാർത്ഥനാകാർഡുകൾ ആവശ്യത്തിന് ഉണ്ടെന്ന് ഉറപ്പുവരുത്തുക

• കോർഡിനേറ്റർമാർ അൾത്താരയിൽ സമർപ്പിക്കപ്പെട്ട വ്യക്തിഗത വിവരങ്ങൾ ശേഖരിച്ച് നല്കിയിരിക്കുന്ന ഓൺലൈനിൽ സ്പ്രെഡ്ഷീറ്റിൽ രേഖപ്പെടുത്തുകയും ചെയ്യുക

• ജീസസ് യൂത്ത് സമർപ്പണദിന പ്രാർത്ഥനാക്രമം, പ്രതിജ്ഞ, ജീസസ് യൂത്ത് അനുദിന പ്രാർത്ഥന, തുടങ്ങിയവ ജീസസ് യൂത്ത് പ്രയർ ആപ്പിലും വെബ്സൈറ്റിലും ലഭ്യമാണ്.

• സമർപ്പണം നടത്തിയ ഓരോരുത്തരുടെയും കൈവശം ഒപ്പ് വച്ച സമർപ്പണ പത്രവും ജീസസ് യൂത്ത് അനുദിന പ്രാർത്ഥനാകാർഡും ഉണ്ടെന്ന് ഉറപ്പുവരുത്തുക